# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7076 02.11.2011-ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര പദ്ധതികളുടെ ഏകോപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സമയബന്ധിതമായി ടൂറിസം പദ്ധതികളുടെ ഏകോപനത്തിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; അല്ലെങ്കിൽ എന്നത്തേക്ക് രൂപീകരിക്കും എന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. |
| (ബി) ഇതിനോടനുബന്ധിച്ച് ടൂറിസം സംരംഭകരെ ഉൾപ്പെടുത്തി സംസ്ഥാന തല ഉപദേശകസമിതി രൂപീകരിക്കുന്ന കാര്യവും പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നല്കുമോ ; | (ബി) കേരളത്തെ പ്രഥമമായ വിനോദ സഞ്ചാര മേഖലയായി ഉയർത്തിക്കൊണ്ടു വരുവാൻ വേണ്ടി സംസ്ഥാന വിനോദ സഞ്ചാര ഉപദേശക സമിതി രൂപീകരിക്കുമെന്ന നിർദ്ദേശം കരട് ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സമിതി വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം, വിനോദ സഞ്ചാര ഉൽപന്നങ്ങളുടെ വികസനം, വിനോദ സഞ്ചാര വിപണന നയങ്ങൾ, വിനോദ സഞ്ചാര ഗവേഷണം എന്നീ മേഖലകളിൽ |

ടൂറിസം വകുപ്പിന് വേണ്ട നിർദ്ദേശങ്ങൾ നൽകും. ഈ സമിതിയിൽ നാമനിർദ്ദേശം ചെയ്യ-പ്പെടുന്ന ടൂറിസം വ്യവസായ ഓഹരി ഉടമകളും ടൂറിസത്തിലെ വിവിധ ടാസ്ക് ഫോർസിലേയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അംഗങ്ങൾ ആയിരിക്കും.

(സി) ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ഡവല പ്പ്മെന്റ് ടാസ്ക് ഫോഴ്സിന് രൂപം നൽകുമോ ; എങ്കിൽ ആരെ യൊക്കെ ഉൾപ്പെടുത്തിയാകും ഇതിന് രൂപം നൽകുക ?

(സി) പ്രസക്തവും പ്രാധാന്യവുമേറിയ പദ്ധതികൾ രൂപീകരിക്കുന്നതിനായി ടൂറിസം മന്ത്രി അധ്യക്ഷനായുള്ള ടാസ്ക് ഫോഴ്സ് ഓൺ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് രൂപീകരിക്കുമെന്ന് കരട് ടൂറിസം നയത്തിൽ വിവക്ഷിക്കുന്നുണ്ട്. ഇതിൽ ടൂറിസം വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധികളും അംഗങ്ങളായിരിക്കും.

സെക്ഷൻ ഓഫീസർ